# കറുത്ത സ്വർണ്ണത്തിന്റെ നാട്ടിലെ കണ്ണീർ ജീവിതങ്ങൾ



● ഡോ: ലക്ഷ്മീ ദേവി കെ. ആർ

ഒരുപിടി സ്വപ്നങ്ങളും അതിലേറെ ആകുലതകളും മാത്രമായി മരുഭൂമിയിൽ മരുപ്പച്ച തേടി പോയ ആയിരമായിരം സ്ത്രീകൾ നമുക്കിടയിലുണ്ട്. മലയാളിയുടെ പ്രവാസചരിത്രത്തിൽ വളരെ അപൂർവമായേ ഇവർ കടന്നു വരാറുള്ളൂ. എഴുപതുകളുടെ ആരംഭത്തിൽ 'കറുത്ത സ്വർണ്ണ'ത്തിന്റെ വില ലോകം തിരിച്ചറിഞ്ഞപ്പോൾ ഗൾഫ് നാടുകൾ ഒരു പുത്തൻ സാമ്പത്തിക ഉണർവ് അനുഭവിച്ചറിയുകയായിരുന്നു. ലോകചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പ്രവാസകേന്ദ്രങ്ങളായി മാറി അറബുനാടുകൾ. അവിടത്തെ നിർമാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് അമേരിക്കയിലെയും യൂറോപ്പിലെയും പ്രശസ്തരായ എഞ്ചിനീയറിംങ്ങ് കമ്പനികളാണെങ്കിൽ, തൊഴിലാളികൾ ഭൂരിപക്ഷവും ഇന്ത്യ, ഫിലിപ്പീൻസ്, ശ്രീലങ്ക മുതലായ വികസ്വരരാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. ഇതോടൊപ്പം തന്നെ അഭിനവ സമ്പന്നരായ അറബി വീടുകളിൽ യൂറോപ്യൻ കാറുകളും ജപ്പാൻ ഇലക്ട്രോണിക് ഉപകരണങ്ങളും പോലെതന്നെ, സമ്പന്നതയുടെ ഒരു മുഖമുദ്രയായി മാറി വികസ്വര രാജ്യങ്ങളിൽ നിന്നുള്ള വീട്ടുജോലിക്കാരികൾ. ഇന്ത്യയിൽ നിന്നു പോയ സ്ത്രീകളിൽ ഭൂരിഭാഗവും കേരളത്തിലെ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ളവരും വിദ്യാഭ്യാസമില്ലാത്തവരുമായിരുന്നു. 'ഇമിഗ്രേഷൻ ക്ലിയറൻസ്' ആവശ്യമാണെന്നച്ചടിച്ച പാസ്പോർട്ടുമായി ഏജന്റുമാരുടെയും അറബികളുടെയും ഔദാര്യത്തിനുവേണ്ടി ഇപ്പോഴും കൈക്കൂപ്പി നിൽക്കുകയാണ് ഇവരിൽ പലരും. ഏറെ ക്ലേശകരമായ ഒരന്വേഷണത്തിനിടയിൽ ഞാൻ കണ്ടെത്തിയ ഇവരിൽ ചിലരൊക്കെ നമുക്ക് സുപരിചിതരാണ്. അറബിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കാൻ നിർബന്ധിതരാവുന്ന, അതിനിടയിൽ സ്വന്തം ജീവിതം എരിഞ്ഞടങ്ങിക്കൊണ്ടിരിക്കുകയാണെന്ന സത്യം വേദനയോടെ ഉൾക്കൊള്ളുന്ന, ആ തിരിച്ചറിവിനു മുന്നിൽ നിസ്സഹായരായി പകച്ചു നിൽക്കുന്നവരാണ് ഇവരെല്ലാം. കാൽപനികതയുടെ പരിവേഷമല്ല, കണ്ണുനീരിന്റെ നനവും ഒറ്റപ്പെടലിന്റെ വൈകാരിക തീക്ഷ്ണതയും നിറഞ്ഞതാണ് ഇവരുടെ ജീവിതങ്ങൾ.

അറബിയുടെ പീഡനങ്ങൾ സഹിക്കാനാവാതെ ഇന്ത്യൻ എംബസിയിൽ അഭയം തേടിയ രജിതയുടെ കഥ അടുത്തിടെയാണ് പത്രങ്ങളിൽ വന്നത്. നീണ്ട രണ്ടുമാസക്കാലമാണ് അവൾക്ക് എമ്പസിയിൽ താമസിക്കേണ്ടി വന്നത്. ഇത്തരത്തിൽ എംബസിയിൽ അഭയം പ്രാപിക്കേണ്ടി വരുന്ന നൂറുകണക്കിന് സ്ത്രീകളുണ്ട്. എന്നാൽ എംബസി ഇവരുടെ പ്രശ്നങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന് സംശയമാണ്. ഇക്കാര്യം രജിത മാധ്യമങ്ങൾക്കു മുമ്പിൽ തുറന്നടിച്ചപ്പോൾ ഒരു കൊടുങ്കാറ്റു പോയിട്ട് ചെറുകാറ്റു പോലും ഇവിടെ ഉയർന്നില്ല. കാരണം രജിതമാർ എന്നും ചരിത്രത്തിനു പുറത്താണല്ലോ?

ചാവക്കാട്ടെ ഒരു ഏജന്റ് വഴിയാണ് സുബൈദ ഗൾഫിൽ എത്തിയത്. കിടപ്പാടം വിറ്റുകിട്ടിയ പൈസ കൊണ്ട് വിസ സംഘടിപ്പിച്ച്, വിവാഹപ്രായമായ പെൺമക്കളെ ബന്ധുവീടുകളിൽ ജോലിക്കു നിർത്തി കലങ്ങിയ കണ്ണുകളും നീറുന്ന മനസ്സുമായി നാടുവിട്ടപ്പോൾ സുബൈദ കൂടെ കൊണ്ടുപോയത് ഒരുപാട് സ്വപ്നങ്ങളും രണ്ടുജോടി ഡ്രസ്സും മാത്രം. ഒരു കൊച്ചു വീട്, മക്കളുടെ കല്ല്യാണം, കുറച്ച് പൊന്ന് – ഇത്രയൊക്കെയേ സുബൈദക്ക് സ്വപ്നങ്ങളുണ്ടായിരുന്നുള്ളു. വേണ്ടത്ര ഭക്ഷണം പോലുമില്ലാതെ അറബിയുടെ അടിമയായി പതിനെട്ടും ഇരുപതും മണിക്കൂർ ജോലി ചെയ്യുമ്പോഴും തന്റെ സ്വപ്നങ്ങളെ താലോലിച്ച് മൂന്നു വർഷം സുബൈദ

**അറബിയുടെ ഇഷ്ടനിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കാൻ നിർബന്ധിതരാവുന്ന, അതിനിടയിൽ സ്വന്തം ജീവിതം എരിഞ്ഞടങ്ങിക്കൊണ്ടിരിക്കുകയാണെന്ന സത്യം വേദനയോടെ ഉൾക്കൊള്ളുന്ന, ആ തിരിച്ചറിവിനു മുന്നിൽ നിസ്സഹായരായി പകച്ചു നിൽക്കുന്നവരാണ് ഇവരെല്ലാം. കാൽപനികതയുടെ പരിവേഷമല്ല, കണ്ണുനീരിന്റെ നനവും ഒറ്റപ്പെടലിന്റെ വൈകാരിത തീഷ്ണതയും നിറഞ്ഞതാണ് ഇവരുടെ ജീവിതങ്ങൾ.**



ജീവിച്ചു. മൂത്തമകൾക്ക് പെട്ടെന്ന് ഒരു ഓപ്പറേഷൻ വേണമെന്നറിഞ്ഞപ്പോൾ പിന്നെ അവൾക്ക് പിടിച്ചു നിൽക്കാനായില്ല. പക്ഷേ, പാസ്പോർട്ട് തിരിച്ചു നൽകണമെങ്കിൽ, അറബി ആവശ്യപ്പെട്ടത് അവളുടെ മൂന്നുവർഷത്തെ മൊത്തം സമ്പാദ്യത്തിന്റെ പകുതിയിലധികം തുക. അവൾക്ക് അതു കൊടുക്കാതെ നിവൃത്തിയില്ലായിരുന്നു. പാസ്പോർട്ടു കൈവശം കിട്ടിയപ്പോൾ അവളാകെ നടുങ്ങിപ്പോയി–പാസ്പോർട്ടിന്റെ കാലാവധി തീർന്നിരിക്കുന്നു. അതിനെ കുറിച്ചന്വേഷിക്കാനാണ് അവൾ എംബസിയുടെ നീണ്ട ക്യൂവിൽ നിൽക്കുന്നത്. അവിടെ വെച്ചാണ് ഞാൻ സുബൈദയെ കാണുന്നത്. അക്ഷരാർത്ഥത്തിൽ ആ ക്യൂ ഒരു അഭയാർത്ഥി ക്യാമ്പിന്റെ പ്രതീതി ജനിപ്പിച്ചു. എന്നിട്ടും 'അഭയം അവകാശമല്ല ഔദാര്യമാണ്' എന്നാണ് എംബസിയുടെ നയം!

വീട്ടുജോലിക്കെന്നു പറഞ്ഞ് കബളിപ്പിക്കപ്പെട്ട് വേശ്യാഗൃഹത്തിലെത്തപ്പെടുന്ന ധാരാളം പെൺകുട്ടികളും പ്രവാസികൾക്കിടയിലുണ്ട്. തുന്നൽക്കാരിയുടെ വിസയിൽ ബഹ്റൈനിലേക്ക് പുറപ്പെട്ട് ഗുഡേബിയിലെ വേശ്യാഗൃഹത്തിലെത്തപ്പെട്ട സ്റ്റെല്ലയെയും റീനയെയും പോലെ ഒരുപാട് പെൺകുട്ടികളുടെ സ്വപ്നത്തോടൊപ്പം ജീവിതവും മാനവും കൂടി തകർന്ന കഥ ഇവിടുത്തെ മണൽക്കാറ്റുകൾ പറയും.

വാടാനപ്പള്ളിയിലെ പുറമ്പോക്കിലെ കുടിലിൽ അമ്മയെയും പറക്കമുറ്റാത്ത രണ്ടുമക്കളെയും തനിച്ചാക്കി ഗൾഫിലേക്ക് പുറപ്പെടുമ്പോൾ ഒരു സാധാരണ വിധവയുടെ ആകുലതകൾ മാത്രമായിരുന്നു കാർത്യായനിയുടെ മനസ്സിൽ. വിധി സമ്പാദിച്ച നിർഭാഗ്യങ്ങളുടെ ഭാണ്ഡക്കെട്ടുമായി യാത്ര പുറപ്പെടുമ്പോൾ എല്ലാ ദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചിരുന്നു. അറബിയും ഭാര്യയും വലിയ കുഴപ്പക്കാരനല്ലാത്തതിനാൽ തുടക്കത്തിൽ വിഷമമില്ലായിരുന്നു. എന്നാൽ അറബിയുടെ ബന്ധുവീടുകളിലും പണിയെടുക്കേണ്ടി വന്നപ്പോൾ ജീവിതം വഴിമുട്ടി. അറബിയുടെ സഹോദരന്റെ ശല്യം കൂടിയായപ്പോൾ അവളാകെ തളർന്നു. പാസ്പോർട്ടു അറബിയുടെ കയ്യിലായിരുന്നതുകൊണ്ട് തികച്ചും നിസ്സഹായയായ കാർത്യായനിയെ എന്തു പറഞ്ഞാശ്വസിപ്പിക്കും എന്നോർത്ത് ഞാൻ പതറി നിൽക്കുമ്പോൾ കാർത്യായനി പാർക്കിലെ ആൾക്കൂട്ടത്തിൽ മറഞ്ഞു കഴിഞ്ഞിരുന്നു.

ഒരു കൊച്ചുകുട്ടിയുടെ പ്രസരിപ്പോടെയും നിഷ്കളങ്കതയോടെയും ഏജന്റിന്റെ കൂടെ ഗൾഫിലേക്ക് പുറപ്പെട്ട പ്രസന്ന യാതൊരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്നൊരു ദിവസം പടികയറി വന്നപ്പോൾ വീട്ടുകാർ പകച്ചുപോയി. അമ്മയുടെയും സഹോദരങ്ങളുടെയും ചോദ്യങ്ങൾക്കു മുമ്പിൽ മറുപടിയൊന്നുമില്ലാതെ കരയുകയും ചിരിക്കുകയും പരസ്പര ബന്ധമില്ലാതെ സംസാരിക്കുകയും ചെയ്യുന്ന പ്രസന്നക്കു മുമ്പിൽ പൂജകളും മന്ത്രവാദവും എല്ലാം മാറിമാറി അവതരിച്ചെങ്കിലും അവളെ വീട്ടുകാർക്ക് തിരിച്ചു കിട്ടിയില്ല.

ഒടുക്കം ഒരുനാൾ ഈ യാതനകൾക്കും കണ്ണീരിനും വിരാമമിട്ടുകൊണ്ട് നാട്ടിൽ തിരിച്ചെത്തുമ്പോൾ സുബൈദയെയും കാർത്യായനിയെയും പ്രസന്നയെയും കുത്തുവാക്കുകളും പരിഹാസ ശരങ്ങളും ഒക്കെയായാണ് സമൂഹം സ്വീകരിക്കുന്നത്. ചാരിത്ര്യവതിയല്ലെന്ന് മുദ്ര കുത്തുന്നു. എണ്ണപ്പാടങ്ങൾക്കു നടുവിൽ എരിഞ്ഞുതീർന്ന ജീവിതത്തിലെ നല്ല വർഷങ്ങൾ ഇവർക്കു തിരിച്ചു നൽകുവാൻ സമൂഹത്തിനാകുമോ? അയിത്തം കൽപിച്ച് മാറ്റി നിർത്തുന്ന ആ പാവങ്ങളുടെ പണവും സമ്മാനങ്ങളും എല്ലാവർക്കും സ്വീകാര്യമാണ്. പ്രവാസത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഇടം നേടിയിട്ടില്ലാത്ത ഇവർക്ക് എന്നെങ്കിലും ഒരു 'നല്ല നാളെ' ഉണ്ടാകുമോ?